**പതിനാലാം കേരളനിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2010** — **11.02.2020 - ൽ മറുപടിക്ക്**

## കാലടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 25/2020 കേസ്സിലെ അന്വേഷണം

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) എറണാകുളം റൂറൽ പോലീസിൽ കാലടി പോലീസിന്റെ പരിധിയിൽ 09-01-2020 ക്രൈം നമ്പർ 25/2020-ൽ ദീപുവിന്റെ മരണത്തിന് കാരണമായ വാഹനം പോലീസ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (എ) വാഹനം കണ്ടെത്തിയിട്ടില്ല. ദീപു (33) എന്നയാൾക്ക് 09.01.2020 തീയതി വെളുപ്പിന് 05.50 മണിക്ക് മറ്റൂർ നീലംകുളങ്ങര അമ്പലത്തിന് മുൻവശത്തു വെച്ച് വാഹന അപകടത്തിൽ പരിക്ക പറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞു വരുന്ന എന്ന മൊഴിയുടെ അടിസ്ഥാനത്തിൽ കാലടി പോലീസ് ക്രൈം. 25/20 U/s 279, 338 IPC, Sec. 134(A) (B) MV Act ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. 11.01.2020 തീയതി പരിക്ക പറ്റി ചികിത്സയിൽ കഴിഞ്ഞിരുന്ന ദീപു മരണപ്പെടുകയും തുടർന്ന് ഈ കേസിൽ Sec.304(A) IPC കൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തുകയും ടി വിവരം ഉൾപ്പെടുത്തി ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. സമീപത്തുള്ള കടകളിലേയും, സ്ഥാപനങ്ങളിലെയും മറ്റും സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് അപകട ഹേതുവായ വാഹനം കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടത്തിവരുന്നു. |
| (ബി) നിർദ്ധന കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ദീപുവിനെ മരണത്തിലേക്ക് തള്ളിവിട്ടവരെ കണ്ടെത്തുന്നതിന് കാലടി പോലീസ് | (ബി) കേസ് ഇൻസ്പെക്ടർ റാങ്കിലുള്ള (SHO) ഉദ്യോഗസ്ഥനാണ് അന്വേഷിക്കുന്നത്. ലഭ്യമായ വിവരങ്ങളനുസരിച്ച് നിലവിൽ കേസിന്മേൽ അന്വേഷണം ഊർജ്ജിതമായി |

| | | | |
|---|---|---|---|
| | രജിസ്റ്റർ ചെയ്ത 25/2020 നമ്പർ കേസിന്റെ അന്വേഷണചുമതല ആർക്കാണെന്നും, പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ നാളിതുവരെ നടത്തിയ അന്വേഷണത്തിന്റെ വിശദാംശവും ലഭ്യമാക്കാമോ; | | നടത്തിവരുന്നുണ്ട്. ഈ കേസിലേയ്ക്ക് കൃത്യ സ്ഥല മഹസർ തയ്യാറാക്കിയും, ദൃക്സാക്ഷികൾ ഉൾപ്പെടെ 15 ഓളം സാക്ഷികളെ കണ്ട് ചോദിച്ചും, മൊഴി രേഖപ്പെടുത്തിയും മറ്റും അന്വേഷണം നടത്തി അപകട ഹേതുവായ വാഹനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അപകടം നടന്ന സമയം ഇതുവഴി ഇരുവശത്തുകൂടേയും കടന്നുപോയ വാഹനങ്ങളുടെ വിവരം കണ്ടെത്താൻ സമീപ സ്ഥലത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. സമീപത്തും മറ്റുമുള്ള കടകളിലേയും സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എയർപോർട്ട് റോഡിൽ നിന്നുള്ള ഓട്ടോ മൊബൈൽ റീട്രേഡിംഗ് കമ്പനിയിൽ നിന്നും ലഭിച്ച ദൃശ്യത്തിൽ നിന്നാണ് ഈ കേസിലേയ്ക്ക് ദൃക്സാക്ഷികൾ സംശയം പറഞ്ഞ ഒരു പിക്ക് അപ്പ് വാനിന്റെ ദൃശ്യങ്ങൾ ലഭിച്ചത്. |
| (ഡി) | ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി കാലടി പോലീസ് ഫോറൻസിക് വിദഗ്ദരുടേയും, ആർ.ടി.ഒ. യുടേയും സേവനം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടോ; സംഭവം നടന്ന് എത്ര നാൾ കഴിഞ്ഞിട്ടാണ് പോലീസ് സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഫോറൻസിക് വിദഗ്ദ്ധർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കേസെടുത്ത 09.01.2020 തീയതിയുടെ പിറ്റേ ദിവസം (10.01.2020) മുതൽ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധന നടത്തിയിട്ടുള്ളതാണ്. |
| (ഇ) | സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് യഥാർത്ഥ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ട് വരുന്നതിന് ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള അന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിക്കാമോ? | (ഇ) | നിലവിൽ നടന്നുവരുന്ന കേസന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തി ആവശ്യമെങ്കിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**